**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ.കെ.ബാബുകുട്ടൻ, ശ്രീ.വി.അയ്യപ്പൻ പിള്ള എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.21944/2012 മേലുള്ള ബഹു.ഹൈക്കോടതിയുടെ 24/05/2017 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.880/2019/തസ്വഭവ തീയതി, തിരുവനന്തപുരം : 25/04/2019

പരാമർശം : 1) ശ്രീ.വി.അയ്യപ്പൻപിള്ള സമർപ്പിച്ചിട്ടുള്ള /09/2012 തീയതിയിലെ അപേക്ഷ. (എക്സിബിറ്റ് പി16)

2) ശ്രീ.കെ.ബാബുകുട്ടൻ സമർപ്പിച്ചിട്ടുള്ള 15/10/2012 തീയതിയിലെ അപേക്ഷ. (എക്സിബിറ്റ് പി15)

3) ഡബ്ല്യുപി(സി) നം.21944/2012 മേലുള്ള ബഹു.ഹൈക്കോടതിയുടെ 24/05/2017 തീയതിയിലെ വിധിന്യായം.

4) നഗരകാര്യ ഡയറക്ടറുടെ 16/02/2019 തീയതിയിലെ ഇ 4-3199/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നിലവിലുള്ള ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിനും തടഞ്ഞുവച്ചിട്ടുള്ള രണ്ടുമാസത്തെ വേതനം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രിയിൽ പമ്പ് ഓപ്പറേറ്റർമാരായി ജോലി നോക്കിയിരുന്ന ശ്രീ.കെ.ബാബുകുട്ടൻ, ശ്രീ.വി.അയ്യപ്പൻ പിള്ള എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.21944/2012 മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിൽ, എക്സിബിറ്റ്സ് പി15, പി16 എന്നിവ പരിശോധിച്ച്, പരാതിക്കാരെ നേരിൽ കേട്ട്, ടി വിധിന്യായം ലഭിച്ച് മൂന്നുമാസത്തിനകം ഉതതരവ് പുറപ്പെടുവിക്കണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.കോടതി നിർദ്ദേശിച്ചിരുന്നു.

2) ബഹു.ഹൈക്കോടതിയുടെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരായ ശ്രീ.കെ.ബാബുകുട്ടൻ, ശ്രീ.വി.അയ്യപ്പൻ പിള്ള എന്നിവരെ തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പിന്റെ അണ്ടർ സെക്രട്ടറി 14/02/2019 ന് നേരിൽ കേട്ടു.

3) പൊതുമരാമത്ത് വകുപ്പിനു കീഴിൽ ശ്രീ.വി.അയ്യപ്പൻ പിള്ള 1989 മുതലും ശ്രീ.കെ.ബാബുകുട്ടൻ 1990 ലും കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പമ്പ് ഓപ്പറേറ്റർമാരായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നുവെന്നും, അവിടെ നിയമിക്കപ്പെട്ടപ്പോൾ ടി ആശുപത്രിയുടെ നടത്തിപ്പ് ആരോഗ്യ വകുപ്പിനും മെയിന്റനൻസ് പൊതുമരാമത്ത് വകുപ്പിനും ആയിരുന്നുവെന്നും, ആദ്യം പൊതുമരാമത്ത് വകുപ്പിനു കീഴിൽ ആശുപത്രി മെയിന്റനൻസിൽ

ഉൾപ്പെടുന്നവർവർക്ക് വേതനം ലഭ്യമാക്കിയിരുന്നത് പൊതുമരാമത്ത് വകുപ്പ് ആയിരുന്നുവെന്നും, 1997 വരെ അപ്രകാരം വേതനം ലഭിച്ചിരുന്നുവെന്നും, അക്കാലയളവിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിരുന്നുവെന്നും, അപ്രകാരം ജോലി ചെയ്തുവരവെ പഞ്ചായത്ത് രാജ് നിയമവും വികേന്ദ്രീകൃത നയവും മൂലം താലൂക്ക് ആശുപത്രിയെ ആദ്യം കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാക്കുകയും ബ്ലോക്ക് പഞ്ചായത്ത് വേതനം ലഭ്യമാക്കിയിരുന്നതുമാണെന്നും, 2010 ൽ കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിനെ നഗരസഭയായി ഉയർത്തിയശേഷവും ടി നഗരസഭയുടെ കീഴിലായ താലൂക്ക് ആശുപത്രിയിൽ പമ്പ് ഓപ്പറേറ്റർമാരായി തുടർന്നുവെന്നും, ദിവസക്കൂലിയായി 360/- രൂപ പ്രകാരം വേതനമായി ലഭിച്ചിരുന്നുവന്നും, എന്നാൽ 2012 മെയ് / ജൂൺ മാസത്തിനുശേഷം കുടിശ്ശിക ഇനത്തിൽ രണ്ടു മാസത്തെ വേതനം നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണെന്നും, കഴിഞ്ഞ 20 വർഷത്തിലധികമായി ടി സ്ഥാപനത്തിൽ പമ്പ് ഓപ്പറേറ്റർമാരായി തുടർച്ചയായി ജോലി ചെയ്തുവരുന്നതായും ആയതിനാൽ കരുനാഗപ്പള്ളി നഗരസഭയിൽ പമ്പ് ഓപ്പറേറ്റർമാരുടെ രണ്ടു തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഹിയറിംഗ് സമയത്ത് പരാതിക്കാരായ ശ്രീ.കെ.ബാബുകുട്ടൻ, ശ്രീ.വി.അയ്യപ്പൻ പിള്ള എന്നിവർ ബോധിപ്പിച്ചു.

4) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രിയിൽ ഗ്രാമപഞ്ചായത്തിന്റെ കാലയളവിൽ കരുനാഗപ്പള്ളി ബിൽഡിംഗ്സ് വിഭാഗം മുഖേന നിർമ്മിച്ച പമ്പ് ഹൗസിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ശ്രീ.കെ.ബാബുകുട്ടൻ, ശ്രീ.വി.അയ്യപ്പൻ പിള്ള എന്നിവർക്ക് ബ്ലോക്ക് പഞ്ചായത്ത് മുഖേന വേതനം നൽകിയിരുന്നുവെന്നും, 01/11/2010 മുതൽ കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് നഗരസഭയായി ഉയർത്തിയപ്പോൾ നഗരസഭയ്ക്ക് അനുവദിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരം പമ്പ് ഓപ്പറേറ്റർ തസ്തിക അനുവദിച്ചിട്ടില്ലാത്തതാണെന്നും, കൈമാറിക്കിട്ടിയ ടി സ്ഥാപനത്തിലെ നിയമനങ്ങൾ ആരോഗ്യവകുപ്പ മുഖേന നടത്തുന്നതിനാൽ നഗരസഭയ്ക്ക് ടി വിഷയത്തിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയില്ലായെന്നും പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

5) ശ്രീ.കെ.ബാബുകുട്ടൻ, ശ്രീ.വി.അയ്യപ്പൻപിള്ള എന്നിവരെ നേരിൽ കേട്ടതിന്റെയും പരാമർശം (4) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും പരാമർശം (1), (2) പ്രകാരമുള്ള എക്സിബിറ്റ്സ് പി15, പി16 എന്നിവ വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പാണ് ടിയാളുകളെ ദിവസവേതനാടിസ്ഥാനത്തിൽ ജോലിയ്ക്ക് നിയോഗിച്ച് വേതനം നൽകിതുടങ്ങിയത് എന്നതിനാലും, ടി സ്ഥാപനം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതിനെ തുടർന്നാണ് ബ്ലോക്ക് പഞ്ചായത്ത് ടിയാളുകൾക്ക് വേതനം നൽകിവന്നിരുന്നത് എന്നതിനാലും, കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് നഗരസഭയായപ്പോൾ

നഗരസഭയ്ക്ക് അനുവദിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരം പമ്പ് ഓപ്പറേറ്റർ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാലും, തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ നിയമനങ്ങൾ അതാത് വകുപ്പാണ് നടത്തുന്നത് എന്നതിനാലാണ് ടി ജീവനക്കാരെ ഒഴിവാക്കിയതെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, നിലവിലുള്ള ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പമ്പ് ഓപ്പറേറ്റർമാരായിരുന്ന ശ്രീ.കെ.ബാബുകുട്ടൻ, ശ്രീ.വി.അയ്യപ്പൻ പിള്ള എന്നിവർ സമർപ്പിച്ചിട്ടുള്ള പരാമർശം (1), (2) പ്രകാരമുള്ള അപേക്ഷകളിലെ ആവശ്യം (എക്സിബിറ്റ്സ് പി15, പി16) നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) പരാമർശം (3) ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.കെ.ബാബുകുട്ടൻ, S/o കറുത്ത കുഞ്ഞ്, മരങ്ങാട്ടുതറ, പട നോർത്ത്, കരുനാഗപ്പള്ളി, കൊല്ലം
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.വി.അയ്യപ്പൻ പിള്ള, S/o വിശ്വനാഥൻ പിള്ള, കനിച്ചേട്ടുവീട്, കളരി, ചവറ.പി.ഒ, കൊല്ലം
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ